23028
1/11/17

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - തിരുവനന്തപുരം ജില്ല – പൂന്തുറ-ഇടയാർ എന്നീ സ്ഥലങ്ങളിൽ 11.10.2013-ലുണ്ടായ കലാപത്തിൽ നാശനഷ്ടമുണ്ടായവർക്ക് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡിആർഎഫ് -എ) വകുപ്പ്**

സ.ഉ.(കൈയ്യെഴുത്ത്) നം: 367/2017/റവ.തിരുവനന്തപുരം, തീയതി, 30.10.2017.

---

പരാമർശം:- 1) 24/10/2013 – ലെ സ.ഉ.കൈ നം.465/2013/റവ.

2) തിരുവനന്തപുരം ജില്ലാകളക്ടറുടെ 03.08..2017,06.10.2017 തീയതികളിലെ എസ്- 11-82593/13 നമ്പർ കത്തുകൾ.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ പൂന്തുറ-ഇടയാർ കലാപവുമായി ബന്ധപ്പെട്ട് , ശ്രീ.വിജയൻ, റ്റി.സി.167/62, കുഞ്ചുവിളാകത്ത് വീട്,പനത്തുറ,തിരുവല്ലം, ശ്രീ.,ഹൃദയദാസൻ, റ്റി.സി. 47/242, പള്ളിവിളാകം പുരയിടം, പൂന്തുറ.പി.ഓ, ശ്രീ.ബേബിദാസൻ, റ്റി.സി. 47/1125, പള്ളിവിളാകംപുരയിടം, പൂന്തുറ.പി.ഓ, ശ്രീ.,സിസ്റ്റസ്, റ്റി.സി. 47/897,ന്യൂ കോളനി,മാർക്കറ്റ് റോഡ്, പൂന്തുറ.പി.ഓ,എന്നിവർക്ക് യഥാക്രമം 4,0,5000/-,2,00,000/-2,00,000/-,2,00,000/- രൂപ നാശനഷ്ടമുണ്ടായതായും ടി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ വിഷയം പരിശോധിച്ചു. ജില്ല കളക്ടർ സമർപ്പിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം ശ്രീ.വിജയൻ,ശ്രീ.,ഹൃദയദാസൻ,ശ്രീ.ബേബിദാസൻ,ശ്രീ.,സിസ്റ്റസ് എന്നിവർക്ക് യഥാക്രമം 4,0,5000/-,2,00,000/-2,00,000/-,2,00,000/- രൂപവീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചുകൊണ്ടും ആയതിലേക്കായി മേൽ വിഷയവുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം അനുവദിച്ച പത്ത് ലക്ഷം രൂപയിൽ ഇനിയും വിതരണം ചെയ്യാൻ ബാക്കിയുള്ള 8,13,600/- രൂപയ്ക്ക് പുറമെ ആവശ്യമായ അധിക

തുകയായ 1,91,400/- രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) ടി തുകയായ 1,91,400/- **രൂപ (ഒരു ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി നാനൂറ് രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും **തിരുവനന്തപുരം ജില്ലാ കളക്ടർക്ക്** അനുവദിക്കേണ്ടതും ജില്ലാ കളക്ടർ ടി തുക വിതരണം ചെയ്യാൻ ബാക്കിയുള്ള 8,13,600/- രൂപ കൂടി ചേർത്ത് മേൽ പ്രസ്താവിച്ച പ്രകാരം അടിയന്തിരമായി കക്ഷികൾക്ക് വിതരണം ചെയ്ത്,വിവരം എത്രയും വേഗം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്.കുര്യൻ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

**ജില്ലാ കളക്ടർ, തിരുവനന്തപുരം.**

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി).

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ(ഫണ്ട്സ്)വകുപ്പ്/റവന്യൂ(ഡി.ആർ.എഫ്.-ബി,സി) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Smitha A.S.

സെക്ഷൻ ഓഫീസർ